**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2922** **12-07-2022 - ൽ മറുപടിയ്ക്ക്**

**അന്തിപ്പച്ച മത്സ്യ വിതരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ എം വിൻസെൻറ് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ടോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി വിവിധ മത്സ്യയിനങ്ങൾ വിവിധ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങളാക്കി ഉപഭോക്താക്കൾക്ക് എത്തിച്ചു വരുന്നു. പ്രസ്തുത പദ്ധതികൾ മത്സ്യമേഖലയിലെ വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യം ഒരുക്കിയിട്ടുണ്ട്. |
| (ബി) | മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഡ്രിഷ് കേരള എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു. പ്രത്യേകം പരിശീലനം നൽകിയ വനിതകൾ മുഖേനയാണ് ഉൽപ്പന്ന നിർമ്മാണം പ്ലാന്റിൽ നടത്തിവരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധ തരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, |

| | | | |
|---|---|---|---|
| | | | കണവ) കട്‌ലറ്റ്,പീര തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. സ്വയം സഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നു. ടി പ്ലാന്റ് വഴി കൂടുതൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൌകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻതോടിൽ നിന്നും കൈറ്റോൺ ഗുളികകളും ഉല്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT ന്റേയും CTCRI യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണ ശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. മേൽ പദ്ധതികളിൽ കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. |
| (സി) | അന്തിപ്പച്ച എന്ന പേരിൽ മായം ചേർക്കാത്ത മത്സ്യം വിതരണം ചെയ്യുന്നതിന് നിലവിൽ എവിടെയൊക്കെയാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്?; | (സി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി മത്സ്യഫെഡിന്റെ 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ വിവിധ ജില്ലകളിൽ ആരംഭിക്കുന്നതിനായി 5 വാഹനങ്ങൾ വാങ്ങി വില്പനശാല സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാവപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകളെ മറയാക്കി വ്യാപകമായ ക്രമക്കേടുകൾ നടത്തുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ ? | (ഡി) | ഉണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം മത്സ്യഫെഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു വെബ് പോർട്ടലും ആപ്പും വഴി സാങ്കേതിക സഹായത്തോടെ (ഓൺലൈൻ മോണിറ്ററിംഗ്) പണമിടപാടുകൾ എന്നിവ അറിയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ